**പി.എ ശറഫുദ്ദീൻ**
sharafudheen1957@gmail.com

# മൂന്ന് വസ്വിയ്യത്തുകൾ

قَالَ أَبو ذَرٍّ رَضِي الله عنه : أَوْصَانِي خَلِيلِي صلى الله عليه وسلم بِثَلاَثٍ قَالَ اسْمَعْ وَأَطِعْ
وَلَوْ لِعَبْدٍ مَجدُوعِ الأَنْفِ، فَإِذا صَنَعْتَ مَرَقَةً فَأَكْثِرْ مَاءَهَا، ثُمَّ انْظُرْ الى أَهْلِ بَيْتِ جِيرَانِكَ،
فَأَصِبْهُمْ مِنْها بِمَرقَتِكَ، وَصَلِّ الصَّلاَةَ لِوَقْتِهَا (رواه مسلم)

**അബൂദർറ് (റ) പറഞ്ഞു: എന്റെ ആത്മമിത്രം നബി (സ) മൂന്ന് വസ്വിയ്യത്തുകൾ എനിക്ക് നൽകുകയുണ്ടായി: (നേതൃത്വം പറയുന്നത്) കേൾക്കുകയും അനുസരിക്കുകയും ചെയ്യുക - അയാൾ മുറിമൂക്കനായ അടിമയാണെങ്കിൽ പോലും. നീ കറി ഉണ്ടാക്കുമ്പോൾ അൽപം വെള്ളം കൂടുതൽ ചേർത്തെങ്കിലും അതിൽനിന്ന് നിന്റെ അയൽവാസിക്കും പകർന്നു നൽകുക. നമസ്കാരം അതിന്റെ കൃത്യസമയത്തു തന്നെ നിർവഹിക്കുക (മുസ്‌ലിം).**

ഈ നബിവചനത്തിൽ പ്രധാനപ്പെട്ട മൂന്ന് ഉപദേശങ്ങളാണ് നൽകുന്നത്. അതിലൊന്ന് നേതൃത്വത്തെ അനുസരിക്കലാണ്. അല്ലാഹു പറയുന്നു: ''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിങ്ങളിൽപെട്ട കൈകാര്യകർത്താക്കളെയും അനുസരിക്കുക'' (*അന്നിസാഅ്*: 59).

അല്ലാഹുവിനും റസൂലിനും ശേഷം അനുസരിക്കപ്പെടേണ്ടവരാണ് ഉലുൽ അംറ് അഥവാ ഭരണാധികാരികൾ, സേനാനായകന്മാർ, പണ്ഡിതന്മാർ, അഹ്‌ലുൽ ഹല്ല് വൽ അഖ്ദ് (ഇസ്‌ലാമിക സമൂഹത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും പ്രാപ്തിയും ഉത്തരവാദിത്തവുമുള്ള വിഭാഗങ്ങൾ) തുടങ്ങിയവർ. രാഷ്ട്ര സംവിധാനവും മറ്റും ഇല്ലാത്ത അവസ്ഥയിൽ, മുസ്‌ലിംകൾ അംഗീകരിക്കുന്ന സമുദായ നേതാക്കളും മഹല്ല് കമ്മിറ്റികളും ഇസ്‌ലാമിക സംഘടനകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റികളുമൊക്കെ ഈ വിഭാഗത്തിൽ പെടും.

അല്ലാഹുവിനെയും റസൂലിനെയും നിരുപാധികമായാണ് അനുസരിക്കേണ്ടത്. എന്നാൽ കൈകാര്യകർത്താക്കളെ (ഉലുൽ അംറിനെ) അനുസരിക്കേണ്ടത് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനക്കു വിധേയമായിട്ടും.

നബി (സ) പറഞ്ഞു: 'സ്രഷ്ടാവിനെ ധിക്കരിച്ചുകൊണ്ട് സൃഷ്ടിക്ക് അനുസരണമില്ല.' നബി (സ) വീണ്ടും: 'മുസ്‌ലിമായ ഏതൊരാളുടെയും കടമയാണ് നേതൃത്വത്തെ അനുസരിക്കൽ - അവൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. എന്നാൽ നേതൃത്വം കുറ്റകരമായ കാര്യങ്ങൾ കൽപിക്കാവതല്ല. കുറ്റകരമായ കാര്യങ്ങൾ കൽപിക്കപ്പെട്ടാൽ കേൾക്കുകയോ അനുസരിക്കുകയോ വേണ്ടതില്ല.'

ഇന്ന് മുസ്‌ലിം സമൂഹത്തിൽ പണ്ഡിതന്മാരെയും നേതാക്കളെയും അന്ധമായി അനുസരിക്കുന്ന ധാരാളം ആളുകളെ കാണാം. ശരിയും തെറ്റും നോക്കാതെ, അവരുടെ കൽപനകളും തിട്ടൂരങ്ങളും ഇസ്‌ലാമിക ശരീഅത്തിനും സംസ്കാരത്തിനും വിരുദ്ധമാണോ എന്ന് ചിന്തിക്കാതെ വേദവാക്യങ്ങൾ പോലെ സ്വീകരിക്കുകയാണെങ്കിൽ, അത് ഇസ്‌ലാമിക ശരീഅത്തിന് തികച്ചും വിരുദ്ധമാണെന്നാണ് നബി (സ) പഠിപ്പിക്കുന്നത്.

ഹദീസിലെ രണ്ടാമത്തെ ഉപദേശം, കറി വെക്കുമ്പോൾ കുറച്ചു വെള്ളം ചേർത്തിട്ടെങ്കിലും തന്റെ അയൽവാസിയെ പരിഗണിക്കണം എന്നാണ്. അഥവാ അയൽപക്കക്കാർ തമ്മിൽ എന്തെങ്കിലുമൊക്കെ അങ്ങോട്ടുമിങ്ങോട്ടും കൊണ്ടും കൊടുത്തും ഇരിക്കണം. ഇത് അയൽപക്ക ബന്ധങ്ങൾ ശക്തിപ്പെടുത്താനുള്ള നല്ലൊരു മാർഗമാണ്. ''അല്ലാഹുവിന് ഇബാദത്ത് ചെയ്യുക, യാതൊന്നിനെയും അവന്റെ പങ്കാളികളാക്കരുത്. മാതാപിതാക്കളോട് ഉദാരമായ നന്മയോടെ വർത്തിക്കുവിൻ. ബന്ധുക്കളോടും അനാഥരോടും അഗതികളോടും ബന്ധുക്കളായ അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസികളോടും സഞ്ചാരികളോടും നിങ്ങളുടെ അധീനതയിലുള്ള ദാസീദാസന്മാരോടും അപ്രകാരം വർത്തിക്കുവിൻ. നിശ്ചയം, ഗർവിഷ്ഠനും ഭള്ളു പറയുന്നവനുമായ ആരെയും അല്ലാഹു സ്നേഹിക്കുകയില്ല'' (*അന്നിസാഅ്:* 36).

പരസ്പര ധാരണയും സ്നേഹവും സഹായ സഹകരണങ്ങളും ആവശ്യപ്പെടുന്ന ഒരു അടിസ്ഥാന തത്ത്വമായിട്ടാണ് ഇസ്‌ലാം അയൽപക്ക ബന്ധത്തെ എണ്ണിയിട്ടുള്ളത്. വർഗീയ ധ്രുവീകരണത്തിനു വേണ്ടി അഹോരാത്രം ശ്രമിച്ചുകൊണ്ടിരിക്കുന്നവരെ പ്രതിരോധിക്കാനുള്ള ഏറ്റവും നല്ല മാർഗം അയൽപക്ക ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ്.

നബി (സ) നൽകുന്ന മൂന്നാമത്തെ വസ്വിയ്യത്ത്, നമസ്കാരം അതിന്റെ കൃത്യസമയത്തു തന്നെ നിർവഹിക്കുക എന്നതാണ്.

'നമസ്കാരത്തിൽ അശ്രദ്ധ കാണിക്കുന്ന നമസ്കാരക്കാർക്ക് നാശം' എന്ന് *അൽമാഊൻ* എന്ന അധ്യായത്തിൽ അല്ലാഹു മുന്നറിയിപ്പ് നൽകുന്നുണ്ട്. ഇബ്നു അബ്ബാസ് (റ) അതിനെ വിശദീകരിച്ചത്, 'നമസ്കാരം കൃത്യസമയത്ത് നിർവഹിക്കാതെ മനപ്പൂർവം പിന്തിരിപ്പിക്കുന്നവർ' എന്നാണ്.

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) നബിയോട് ചോദിച്ചു: 'ഏതു കർമമാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത്?' നബി (സ) പറഞ്ഞു: 'നമസ്കാരം അതിന്റെ കൃത്യസമയത്ത് നിർവഹിക്കൽ.' ●